"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- PMAY -G പദ്ധതിയുടെ 2024-25 മുതൽ അടുത്ത 3 സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാന / ജില്ലാതല ഓഡിറ്റ് നടത്തുന്നതിനുള്ള ചാർട്ടേഡ് അക്കൗണ്ടന്റ് സ്ഥാപനത്തെ തിരഞ്ഞെടുക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡി ഇ)വകുപ്പ്**

സ.ഉ.(സാധാ) നം.613/2026/LSGD തീയതി,തിരുവനന്തപുരം, 06-03-2026

---

പരാമർശം:- 1. സ.ഉ.(സാധാ) നം.1437/2022/LSGD തീയതി 13.06.2022

2 തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 08.09.2025, 17.12.2025, 21.02.2026 തീയതികളിലെ LSGD/PD/15778/2023-CSSA1 നമ്പർ കത്തുകൾ

**ഉത്തരവ്**

പി.എം.എ.വൈ.(ജി) പദ്ധതിയുടെ 2021-22 മുതൽ 2023-24 വർഷങ്ങളിലെ സംസ്ഥാന/ ജില്ലാതല ഓഡിറ്റ് നടത്തുന്നതിന് M/s. Sekhar & Jayanthi, Chartered Accountant, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് പരാമർശ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു.

2) PMAY-G പദ്ധതിയുടെ 2024-25 മുതൽ അടുത്ത 3 സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാന/ജില്ലാതല ഓഡിറ്റുകൾ നടത്തുന്നതിന് ഒരു ചാർട്ടേഡ് അക്കൗണ്ടന്റ് സ്ഥാപനത്തെ സർക്കാർ അനുമതിയ്ക്ക് വിധേയമായി തിരഞ്ഞെടുക്കുന്നതിനായി പത്രപരസ്യം നൽകി ക്വട്ടേഷനുകൾ ക്ഷണിക്കുകയും അർഹരായി കണ്ടെത്തിയ സ്ഥാപനങ്ങളിൽ ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത Arun Bijoy & Co, തൃശ്ശൂർ എന്ന സ്ഥാപനത്തെ 33,500/രൂപ (₹ 28000 + GST) (മുപ്പത്തിമൂവായിരത്തി അഞ്ഞൂറ് രൂപ മാത്രം) പ്രതിവർഷ ഓഡിറ്റ് ഫീസായി നിശ്ചയിച്ചുകൊണ്ട് ഓഡിറ്ററായി നിയോഗിക്കുന്നതിന് അനുമതി ലഭ്യമാക്കണമെന്ന് പരാമർശ കത്തുകൾ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. PMAY-G പദ്ധതിയുടെ 2024-25 മുതൽ

അടുത്ത 3 സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാന / ജില്ലാതല ഓഡിറ്റുകൾ നടത്തുന്നതിന് പ്രതിവർഷ ഓഡിറ്റ് ഫീസായി 33,500/രൂപ (മുപ്പത്തിമൂവായിരത്തി അഞ്ഞൂറ് രൂപ മാത്രം) അനുവദിച്ചു കൊണ്ട് നിലവിലുള്ള മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ചാർട്ടേഡ് അക്കൗണ്ടന്റ് സ്ഥാപനമായ അരുൺ ബിജോയ് & കമ്പനിയെ നിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ /ഓഡിറ്റ്) ,കേരള,തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ ,ഐ.&പി.ആർ.ഡി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 07-03-2026 11:53:34
സെക്ഷൻ ഓഫീസർ